**മധുരമായ കുട്ടികളേ- പുരുഷാർത്ഥം ചെയ്ത് നല്ലരീതിയിൽ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം, ആർക്കും ദുഃഖം നൽകരുത്, നിങ്ങളിൽ ആസുരീയമായ ഒരു പ്രവൃത്തിയും ഉണ്ടാവരുത്.**

**ചോദ്യം-** ഏതൊരു ആസുരീയ അവഗുണമാണ് നിങ്ങളുടെ അലങ്കാരങ്ങളെ കേടുവരുത്തുന്നത്?
**ഉത്തരം-** പരസ്പരം അടികൂടുക-വഴക്കടിക്കുക, സെന്ററിൽ ബഹളമുണ്ടാക്കുക, ദുഃഖം നൽകുക- ഈ ആസുരീയ അവഗുണങ്ങളാണ് നിങ്ങളുടെ അലങ്കാരത്തെ കേടുവരുത്തുന്നത്. ഏത് കുട്ടികളാണോ ബാബയുടേതായി മാറിയിട്ടും ഈ ആസുരീയ അവഗുണങ്ങളെ ത്യാഗം ചെയ്യാത്തത്, തലതിരിഞ്ഞ കാര്യങ്ങൾ ചെയ്യുന്നത്, അവർക്ക് ഒരുപാട് നഷ്ടമുണ്ടാകും. കണക്കോട് കണക്കാണ്. ബാബയോടൊപ്പം ധർമ്മരാജനുമുണ്ട്.

**ഗീതം-** ഭോലാനാഥനിൽ നിന്നും അത്ഭുതങ്ങൾ............

**ഓം ശാന്തി.** ആത്മീയ കുട്ടികൾ ഈ കാര്യം മനസ്സിലാക്കിയിട്ടുണ്ടാകും അതായത് ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്. മനുഷ്യർ മഹിമ പാടുന്നു എന്നാൽ നിങ്ങൾ ദിവ്യദൃഷ്ടിയിലൂടെ കാണുന്നു. നിങ്ങൾ ബുദ്ധികൊണ്ടും അറിയുന്നു ഭഗവാൻ നമ്മെ പഠിപ്പിക്കുകയാണ്. ആത്മാവുതന്നെയാണ് ശരീരത്തിലിരുന്ന് പഠിക്കുന്നത്. ശരീരത്തിലൂടെ എല്ലാം ചെയ്യുന്നത് ആത്മാവുതന്നെയാണ്. ശരീരം വിനാശിയാണ്, അതിനെ ധരിച്ച് ആത്മാവ് പാർട്ട് അഭിനയിക്കുന്നു. ആത്മാവിലാണ് മുഴുവൻ പാർട്ടും അടങ്ങിയിരിക്കുന്നത്. 84 ജന്മങ്ങളും ആത്മാവിലാണുള്ളത്. ആദ്യമാദ്യം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കണം. ബാബ സർവ്വശക്തിവാനാണ്. ബാബയിൽ നിന്നും നിങ്ങൾ കുട്ടികൾക്ക് ശക്തി ലഭിക്കുന്നു. യോഗത്തിലൂടെയാണ് കൂടുതൽ ശക്തി ലഭിക്കുന്നത്, ഇതിലൂടെ നിങ്ങൾ പാവനമായി മാറുന്നു. ബാബ നിങ്ങൾക്ക് മുഴുവൻ വിശ്വത്തിലും രാജ്യം ഭരിക്കുന്നതിനുള്ള ശക്തി നൽകുന്നു. ഇത്രയും ശക്തി നൽകുന്നു, അവർ സയൻസുകാർ അഹങ്കാരികൾ എന്തെല്ലാം ഉണ്ടാക്കുന്നുണ്ടോ അതെല്ലാം വിനാശത്തിനുള്ളതാണ്. അവരുടെ ബുദ്ധി വിനാശത്തിനുള്ളതാണ്, നിങ്ങളുടെ ബുദ്ധി അവിനാശി പദവി പ്രാപ്തമാക്കുന്നതിനുള്ളതാണ്. നിങ്ങൾക്ക് വളരെ അധികം ശക്തി ലഭിക്കുന്നു ഇതിലൂടെ നിങ്ങൾ വിശ്വരാജ്യ അധികാരം പ്രാപ്തമാക്കുന്നു. അവിടെ പ്രജകൾ പ്രജകളെ ഭരിക്കുന്ന രീതിയല്ല. അവിടെ രാജാവും റാണിയും ഉണ്ടാകും. ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്. ഓർമ്മിക്കുന്നതും അവരെയാണ്. ലക്ഷ്മീ നാരായണന്റെ ക്ഷേത്രം കേവലം നിർമ്മിച്ച് പൂജ ചെയ്യുന്നു. എന്നിട്ടും ഉയർന്നതിലും ഉയർന്ന ഭഗവാൻ എന്നാണ് പാടുന്നത്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഈ ലക്ഷ്മീ നാരായണന്മാർ വിശ്വത്തിന്റെ അധികാരികളായിരുന്നു. ഉയർന്നതിലും ഉയർന്ന വിശ്വരാജ്യ അധികാരം പരിധിയില്ലാത്ത അച്ഛനിൽ നിന്നാണ് ലഭിക്കുന്നത്. നിങ്ങൾക്ക് എത്ര വലിയ പദവിയാണ് ലഭിക്കുന്നത്. എങ്കിൽ കുട്ടികൾക്ക് എത്ര സന്തോഷം ഉണ്ടാകണം. ആരിൽ നിന്നെങ്കിലും എന്തെങ്കിലും ലഭിക്കുകയാണെങ്കിൽ അവരെ ഓർമ്മിക്കാറുണ്ടല്ലോ. കന്യകയ്ക്ക് പതിയോട് എത്ര സ്നേഹമുണ്ടാകും, പതിയ്ക്കായി ജീവൻ പോലും നൽകുന്നു. പതി മരിച്ചാൽ ഇത്രയും ബഹളം ഉണ്ടാക്കുന്നു. ഇതാണെങ്കിൽ പതിമാരുടേയും പതിയാണ്, നിങ്ങൾക്ക് ഇത്രയും ഉയർന്നതിലും ഉയർന്ന പദവി പ്രാപ്തമാക്കിത്തരാൻ എത്ര അലങ്കാരം ചെയ്യുന്നു. എങ്കിൽ നിങ്ങൾ കുട്ടികളിൽ എത്ര ലഹരിയുണ്ടാകണം. ഇവിടെ നിങ്ങൾക്ക് ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം. വളരെ അധികം പേരിൽ ഇപ്പോഴും ആസുരീയ അവഗുണങ്ങളുണ്ട്, പിണങ്ങുക- വഴക്കടിക്കുക, അടികൂടുക, സെന്ററിൽ ബഹളമുണ്ടാക്കുക...... ബാബയ്ക്ക് അറിയാം ഒരുപാട് റിപ്പോട്ടുകൾ വരുന്നുണ്ട്. കാമം മഹാശത്രുവാണെങ്കിൽ ക്രോധവും കുറഞ്ഞ ശത്രുവൊന്നുമല്ല. ഇന്നയാളോട് സ്നേഹമുണ്ട്, എന്നോട് എന്തുകൊണ്ടില്ല! ഇന്ന കാര്യം ഇവരോട് ചോദിച്ചു, എന്നോട് എന്തുകൊണ്ട് ചോദിച്ചില്ല! ഇങ്ങനെ ഇങ്ങനെ സംസാരിക്കുന്ന സംശയബുദ്ധികൾ ഒരുപാടുപേരുണ്ട്. രാജധാനി സ്ഥാപിക്കുകയല്ലേ. ഇങ്ങനെയെങ്കിൽ എന്ത് പദവി നേടും. പദവിയിൽ വളരെ അധികം വ്യത്യാസം ഉണ്ടാകും. നോക്കൂ ചിലർ വലിയ വലിയ കൊട്ടാരങ്ങളിൽ താമസിക്കുന്നു, എന്നാൽ ചിലർ എവിടെയാണ്. ഓരോരുത്തർക്കും തന്റെ പുരുഷാർത്ഥം ചെയ്യണം. ദേഹാഭിമാനത്തിൽ വരുന്നതിനാൽ ആസുരീയ പെരുമാറ്റം ഉണ്ടാകുന്നു. എപ്പോൾ ദേഹീ അഭിമാനിയായി നല്ലരീതിയിൽ ധാരണ ചെയ്യാൻ തുടങ്ങുന്നുവോ അപ്പോൾ ഉയർന്ന പദവി നേടും. പുരുഷാർത്ഥം ഇങ്ങനെയുള്ളതായിരിക്കണം, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം, ആർക്കും ദുഃഖം നൽകരുത്. നിങ്ങൾ കുട്ടികൾ ദുഃഖ ഹർത്താ, സുഖ കർത്താവായ ബാബയുടെ കുട്ടികളാണ്. ആർക്കും ദുഃഖം നൽകരുത്. ആരാണോ സെന്റർ സംരക്ഷിക്കുന്നത് അവർക്ക് വളരെ അധികം ഉത്തരവാദിത്വമുണ്ട്. ബാബ പറയുന്നു- കുട്ടികളേ, അഥവാ എന്തെങ്കിലും തെറ്റ്

ചെയ്യുകയാണെങ്കിൽ നൂറുമടങ്ങ് ശിക്ഷ ലഭിക്കും. ദേഹാഭിമാനത്തിൽ വളരെ അധികം നഷ്ടം ഉണ്ടാകുന്നു എന്തുകൊണ്ടെന്നാൽ നിങ്ങൾ ബ്രാഹ്മണർ നേരെയാക്കുന്നതിന് നിമിത്തമായവരാണ്. അഥവാ സ്വയം നേരെയാവുന്നില്ലെങ്കിൽ പിന്നെ മറ്റുള്ളവരെ എന്ത് നേരെയാക്കാനാണ്. വളരെ അധികം നഷ്ടമുണ്ടാകും. പാണ്ഡവ ഗവൺമെന്റല്ലേ. ഉയർന്നതിലും ഉയർന്നത് അച്ഛനാണ് ഒപ്പം ധർമ്മരാജനുമുണ്ട്. ധർമ്മരാജനിലൂടെ വളരെ വലിയ ശിക്ഷ ലഭിക്കുന്നു. ഇങ്ങനെയുള്ള എന്തെങ്കിലും കാര്യം ചെയ്താൽ വളരെ അധികം ശിക്ഷ ലഭിക്കുന്നു. കണക്കോട് കണക്കാണ്, ബാബയോട് മുഴുവൻ കണക്കും പറയണം. ഭക്തിമാർഗ്ഗത്തിലും കണക്കുതന്നെ കണക്കാണ്. ഭഗവാൻ നിങ്ങളോട് കണക്ക് ചോദിക്കും എന്ന് പറയാറുണ്ട്. ഇവിടെ ബാബ സ്വയം പറയുന്നു ധർമ്മരാജൻ കണക്ക് ചോദിക്കും. പിന്നീട് ആ സമയത്ത് എന്ത് ചെയ്യാൻ പറ്റും! നിങ്ങൾ ഇന്നത് ഇന്നത് ചെയ്തു എന്ന് സാക്ഷാത്ക്കാരം ലഭിക്കും. അവിടെയാണെങ്കിൽ കുറച്ച് അടി കൊണ്ടാൽ മതി എന്നാൽ ഇവിടെ വളരെ അധികം അടി കൊള്ളണം. നിങ്ങൾ കുട്ടികൾക്ക് സത്യയുഗത്തിൽ ഗർഭ ജയിലിൽ വരേണ്ടതില്ല. അവിടെ ഗർഭക്കൊട്ടാരമാണ്. ഒരു പാപവും ചെയ്യുന്നില്ല. അതിനാൽ ഇങ്ങനെയുള്ള രാജ്യഭാഗ്യം നേടുന്നതിന് കുട്ടികൾ വളരെ ശ്രദ്ധയോടെയിരിക്കണം. ചില കുട്ടികൾ ടീച്ചറേക്കാളും മിടുക്കരായിരിക്കും. ഭാഗ്യവും ബ്രാഹ്മണിയേക്കാളും വലുതായിരിക്കും. ഇതും ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– സേവനം നന്നായി ചെയ്യുന്നില്ലെങ്കിൽ ജന്മ ജന്മാന്തരങ്ങളിലേയ്ക്ക് ദാസ ദാസിയായി മാറും.

ബാബ സന്മുഖത്ത് വന്നതും കുട്ടികളോട് ചോദിക്കുന്നു– കുട്ടികളേ ദേഹീ അഭിമാനിയായാണോ ഇരിക്കുന്നത്? ബാബയ്ക്ക് കുട്ടികളെ പ്രതിയുള്ള മഹാവാക്യമാണ്– കുട്ടികളേ, ആത്മാഭിമാനിയായി മാറുന്നതിനുള്ള പുരുഷാർത്ഥം വളരെ അധികം ചെയ്യണം. നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും വിചാര സാഗര മഥനം ചെയ്യണം. നമുക്ക് എത്രയും പെട്ടെന്ന് ഈ മോശമായ നരകത്തിൽ നിന്നും സുഖധാമത്തിലേയ്ക്ക് പോകണം എന്ന് കരുതുന്ന വളരെ അധികം കുട്ടികളുണ്ട്. ബാബ പറയുന്നു നല്ല നല്ല മഹാരഥികളും യോഗത്തിൽ പൂർണ്ണമായും പരാജയമാണ്. അവരേയും പുരുഷാർത്ഥം ചെയ്യിപ്പിക്കണം. യോഗമില്ലെങ്കിൽ തീർത്തും വീണുപോകും. ജ്ഞാനം വളരെ സഹജമാണ്. ചരിത്രവും ഭൂമിശാസ്ത്രവും ബുദ്ധിയിൽ വരും. വളരെ നല്ല നല്ല പെൺകുട്ടികളുണ്ട് അവർ പ്രദർശിനി പറഞ്ഞുകൊടുക്കുന്നതിൽ വളരെ സമർത്ഥരാണ്. പക്ഷേ യോഗവുമില്ല, ദൈവീക ഗുണങ്ങളുമില്ല. ചിലപ്പോഴൊക്കെ ചിന്തയുണ്ടാകും, ഇപ്പോഴും എന്തെന്തെല്ലാം അവസ്ഥകളാണ് കുട്ടികളുടേത്. ലോകത്തിൽ എത്ര ദുഃഖമാണ്. പെട്ടെന്ന് തന്നെ ഇത് അവസാനിക്കണം. കാത്തിരിക്കുകയാണ്, പെട്ടെന്ന് സുഖധാമത്തിലേയ്ക്ക് പോകണം. അസ്വസ്ഥരായി കൊണ്ടിരിക്കുന്നു. എങ്ങനെയാണോ ബാബയെക്കാണാൻ പിടയുന്നത്, എന്തുകൊണ്ടെന്നാൽ ബാബ നമുക്ക് സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി പറഞ്ഞുതരുന്നു. ഇങ്ങനെയുള്ള അച്ഛനെക്കാണാൻ പിടയുന്നു. ഇങ്ങനെയുള്ള അച്ഛന്റെ മുന്നിൽ ചെന്നിരുന്ന് ദിവസവും മുരളി കേൾക്കണം എന്ന് കരുതുന്നു. ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് ഇവിടെ ബുദ്ധിമുട്ടിക്കുന്ന ഒരു കാര്യവുമില്ല. പുറത്ത് താമസിക്കുകയാണെങ്കിൽ എല്ലാവരോടുമുള്ള കടമ നിർവ്വഹിക്കണം. ഇല്ലെങ്കിൽ പ്രശ്നമുണ്ടാകും അതിനാൽ എല്ലാവർക്കും ധൈര്യം നൽകുന്നു. ഇതിൽ വളരെ ഗുപ്തമായ പരിശ്രമമുണ്ട്. ഓർമ്മയുടെ പരിശ്രമം ആരിൽ നിന്നും എത്തുന്നില്ല. ഗുപ്തമായ ഓർമ്മയിൽ ഇരുന്നാൽ ബാബയുടെ നിർദ്ദേശം അനുസരിച്ച് നടക്കുകയും വേണം. ദേഹാഭിമാനം കാരണം ബാബയുടെ നിർദ്ദേശം അനുസരിച്ച് നടക്കുന്നില്ല. പറയുന്നു ചാർട്ട് വെയ്ക്കൂ എങ്കിൽ ഉന്നതിയുണ്ടാകും. ഇത് ആരാണ് പറഞ്ഞത്? ശിവബാബ. ടീച്ചർ വർക്ക് നൽകിയാൽ അത് ചെയ്തിട്ട് വരുമല്ലോ. ഇവിടെ നല്ല നല്ല കുട്ടികളേയും മായ ചെയ്യാൻ അനുവദിക്കുന്നില്ല. നല്ല നല്ല കുട്ടികളുടെ ചാർട്ട് ബാബയുടെ മുന്നിൽ വന്നാൽ ബാബ പറയും നോക്കൂ എങ്ങനെ ഓർമ്മിക്കുന്നുവെന്ന്. മനസ്സിലാക്കുന്നു നമ്മൾ ആത്മാക്കൾ പ്രിയതമകളാണ്, ഒരു പ്രിയതമന്റെ. അവിടെ ലൗകികമായ പ്രിയതമകളും പ്രിയതമന്മാരും അനേക പ്രകാരത്തിലുണ്ട്. നിങ്ങൾ വളരെ പഴയ പ്രിയതമകളാണ്. ഇപ്പോൾ നിങ്ങൾക്ക് ദേഹീ അഭിമാനിയായി മാറണം. കുറച്ചൊക്കെ സഹിക്കുകതന്നെ വേണം. വിഡ്ഢിയാവരുത്. ബാബ അസ്ഥികൾ നൽകൂ എന്നൊന്നും പറയുന്നില്ല. ബാബ പറയുന്നു ആരോഗ്യം നന്നായി സംരക്ഷിക്കൂ എങ്കിലേ സേവനവും നല്ലരീതിയിൽ ചെയ്യാൻ കഴിയൂ. അസുഖം വന്നാൽ കിടന്നു പോകും. ചിലർ ഹോസ്പിറ്റലിലും മനസ്സിലാക്കിക്കൊടുക്കുന്ന സേവനം ചെയ്യും അപ്പോൾ ഡോക്ടർ മനസ്സിലാക്കും ഇവർ മാലാഖയാണല്ലോ എന്ന്. ചിത്രം കൂടെക്കൊണ്ടുപോകും. ആരാണോ ഇങ്ങനെ ഇങ്ങനെ സേവനം ചെയ്യുന്നത് അവരെ ദയാഹൃദയർ എന്ന് പറയും. സേവനം ചെയ്യുമ്പോൾ ആരെങ്കിലുമൊക്കെ വരും. എത്രത്തോളം ഓർമ്മയുടെ ബലത്തിൽ ഇരിക്കുന്നുവോ അത്രത്തോളം ആളുകളെ നിങ്ങൾ ആകർഷിക്കും, ഇതിലാണ് ശക്തി. പവിത്രതയാണ് ആദ്യം. പറയാറുണ്ട് ആദ്യം പവിത്രത, ശാന്തി പിന്നെയാണ് സമൃദ്ധി. ഓർമ്മയുടെ ബലത്തിലൂടെ തന്നെയാണ് നിങ്ങൾ പവിത്രമാകുന്നത്. പിന്നീടാണ് ജ്ഞാനത്തിന്റെ ബലം. ഓർമ്മയിൽ ബലഹീനമാകരുത്. ഓർമ്മയിൽ തന്നെയാണ് വിഘ്നം ഉണ്ടാകുന്നത്. ഓർമ്മയിൽ ഇരിക്കുന്നതിലൂടെ

നിങ്ങൾ പവിത്രമായി മാറും മാത്രമല്ല ദൈവീക ഗുണങ്ങളും സ്വതവേ വന്നുചേരും. ബാബയുടെ മഹിമ അറിയാമല്ലോ. ബാബ എത്ര സുഖം നൽകുന്നു. 21 ജന്മങ്ങളിലേയ്ക്ക് നിങ്ങളെ സുഖത്തിന് യോഗ്യരാക്കി മാറ്റുന്നു. ഒരിയ്ക്കലും ആർക്കും ദുഃഖം നൽകരുത്.

ചില കുട്ടികൾ ഡിസർവ്വീസ് ചെയ്ത് സ്വയം ശപിക്കപ്പെട്ടവരായി മാറുന്നു, മറ്റുള്ളവരെ ഒരുപാട് ബുദ്ധി മുട്ടിക്കുന്നു. കുപുത്രരായി മാറുമ്പോൾ സ്വയം തന്നെത്താൻ ശപിക്കപ്പെടുന്നു. ഡിസർവ്വീസ് ചെയ്യുന്നതി ലൂടെ പെട്ടുപോകുന്നു. വളരെ അധികം കുട്ടികൾ വികാരത്തിലേയ്ക്ക് വീണുപോകുന്നു ഇല്ലെങ്കിൽ ക്രോധം കാരണം പഠിപ്പ് ഉപേക്ഷിച്ച് പോകുന്നു. അനേകം പ്രകാരത്തിലുള്ള കുട്ടികൾ ഇവിടെ ഇരിക്കുന്നുണ്ട്. ഇവിടെ നിന്നും റിഫ്രഷ് ആയി പോയാൽ പിന്നെ തെറ്റ് ചെയ്തതിൽ പശ്ചാത്താപമുണ്ടാകുന്നു. പക്ഷേ പശ്ചാത്തപിക്കുന്നതിനാൽ മാപ്പ് ലഭിക്കുകയില്ല. ബാബ പറയുന്നു സ്വയം അവനവനോട് തന്നെ ക്ഷമിക്കൂ. ഓർമ്മയിൽ ഇരിക്കൂ. ബാബ ആരോടും ക്ഷമിക്കുന്നില്ല. ഇത് പഠിപ്പാണ്. ബാബ പഠിപ്പിക്കുന്നു, കുട്ടികൾ സ്വയം തന്റെമേൽ കൃപ കാണിച്ച് പഠിക്കണം. പെരുമാറ്റം വളരെ നല്ലതായിരിക്കണം. ബാബ ബ്രാഹ്മണി യോട് പറയുന്നു രജിസ്റ്റർ കൊണ്ടുവരൂ. ഓരോരുത്തരുടേയും കാര്യം കേട്ട് വഴി പറഞ്ഞുകൊടുക്കുന്നു. എങ്കിൽ ബ്രാഹ്മണി റിപ്പോർട്ട് നൽകി എന്നുകരുതി കൂടുതൽ ഡിസർവ്വീസ് ചെയ്തുകൊണ്ടിരിക്കുന്നു. വളരെ പ്രയത്നമുണ്ട്. മായ വളരെ വലിയ ശത്രുവാണ്. കുരങ്ങനിൽ നിന്നും ക്ഷേത്രത്തിന് യോഗ്യരായി മാറാൻ അനുവദിക്കില്ല. ഉയർന്ന പദവി നേടുന്നതിനു പകരം കൂടുതൽ താഴേയ്ക്ക് വീഴ്ത്തുന്നു. പിന്നീട് ഒരിയ്ക്കലും എഴുന്നേൽക്കാൻ കഴിയില്ല, മരിച്ചുപോകുന്നു. ബാബ കുട്ടികൾക്ക് വീണ്ടും വീണ്ടും മനസ്സി ലാക്കിത്തരുന്നു ഇത് വളരെ ഉയർന്ന ലക്ഷ്യമാണ്, വിശ്വത്തിന്റെ അധികാരിയായി മാറണം. വലിയ ആളു കളുടെ കുട്ടികൾ വളരെ രാജകീയമായാണ് നടക്കുക. അച്ഛന്റെ പേര് പോകരുത് എന്ന് കരുതുന്നു. നിങ്ങ ളുടെ അച്ഛൻ എത്ര നല്ലതാണ്, പക്ഷേ നിങ്ങൾ ഇത്രയും മോശമാണ് എന്ന് പറയും. നിങ്ങൾ നിങ്ങളുടെ അച്ഛന്റെ പേര് കളയുകയാണ്! ഇവിടെയാണെങ്കിൽ ഓരോരുത്തരും തന്റെ പേര് നഷ്ടപ്പെടുത്തുന്നു. വളരെ അധികം ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. ബാബ വാണിംഗ് നൽകുന്നു, വളരെ ശ്രദ്ധയോ ടെയിരിക്കൂ. ജയിൽപ്പുള്ളി ആവരുത്. ജയിൽപുള്ളിയാകുന്നതും ഇവിടെയാണ്, സത്യയുഗത്തിൽ ഒരു ജയിലും ഉണ്ടാവില്ല. എന്നാലും പഠിച്ച് ഉയർന്ന പദവി നേടണം. തെറ്റ് ചെയ്യരുത്. ആർക്കും ദുഃഖം നൽക രുത്. ഓർമ്മയുടെ യാത്രയിൽ ഇരിക്കൂ. ഓർമ്മയെ കാര്യത്തിന് ഉപയോഗപ്പെടു. പ്രദർശിനിയിലും മുഖ്യ മായി ഈ കാര്യം പറയൂ. ബാബയുടെ ഓർമ്മയിലൂടെയേ പവിത്രമായി മാറൂ. എല്ലാവരും പാവനമായി മാറാൻ ആഗ്രഹിക്കുന്നുണ്ട്. ഇത് പതിത ലോകമാണ്. സർവ്വരുടേയും സദ്ഗതി ചെയ്യാനാണ് ഒരേയൊരു ബാബ വരുന്നത്. ക്രിസ്തു, ബുദ്ധൻ മുതലായ ആർക്കും സദ്ഗതി ചെയ്യാൻ സാധിക്കില്ല. പിന്നീട് ബ്രഹ്മാ വിന്റേയും പേര് പറയുന്നു. ദേവീ ദേവതാ ധർമ്മത്തിന് നിമിത്തമാണെങ്കിലും ബ്രഹ്മാവിനേയും സദ്ഗതി ദാതാവ് എന്ന് പറയാൻ കഴിയില്ല. ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ശിവബാബയാണ് ചെയ്യുന്നത് എങ്കിലും പേര് ബ്രഹ്മാ വിഷ്ണു ശങ്കരൻ....... എന്നാണ്. ത്രിമൂർത്തി ബ്രഹ്മാവ് എന്ന് പറയുന്നു. ബാബ പറ യുന്നു ഇവരും ഗുരുവല്ല. ഗുരു ഒരാളെയുള്ളു, അവരിലൂടെ നിങ്ങൾ ആത്മീയ ഗുരുക്കന്മാരാകുന്നു. ബാക്കിയുള്ളവർ ധർമ്മസ്ഥാപകരാണ്. ധർമ്മസ്ഥാപരെ സദ്ഗതി ദാതാവ് എന്ന് എങ്ങനെ പറയാൻ കഴി യും, ഇത് മനസ്സിലാക്കേണ്ട ആഴത്തിലുള്ള കാര്യങ്ങളാണ്. മറ്റു ധർമ്മസ്ഥാപകരെല്ലാം ധർമ്മം സ്ഥാപി ക്കുക മാത്രമേ ചെയ്യുന്നുള്ളു, അവരുടെ പിന്നാലെ എല്ലാവരും വരുന്നു, അവർക്ക് എല്ലാവരേയും തിരികെ കൊണ്ടുപോകാനൊന്നും സാധിക്കില്ല. അവർക്ക് പുനർജന്മങ്ങളിലേയ്ക്ക് വരണം, എല്ലാവർക്കും വേണ്ടി യുള്ള അറിവാണിത്. സദ്ഗതി ചെയ്യാൻ ഒരു ഗുരുപോലുമില്ല. ബാബ മനസ്സിലാക്കിത്തരുന്നു ഗുരുവും പതിതപാവനനുമായി ഒരാളേയുള്ളു, അവർ തന്നെയാണ് എല്ലാവരുടേയും സദ്ഗതി ദാതാവ്, മുക്തി ദായ കൻ, പറഞ്ഞുകൊടുക്കണം ഞങ്ങളുടെ ഗുരു ഒരേയൊരാളാണ്, അവരാണ് സദ്ഗതി ദാതാവ് നമ്മെ ശാന്തിധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കും കൊണ്ടുപോകുന്നത്. സത്യയുഗ ആരംഭത്തിൽ വളരെ കുറച്ചുപേരേ ഉണ്ടാകൂ. അവിടെ ആരുടെ രാജ്യമായിരുന്നു എന്ന ചിത്രം കാണിക്കുമല്ലോ. ഭാരതവാസിക ളേ അംഗീകരിക്കൂ, ദേവതകളുടെ പൂജാരി പെട്ടെന്ന് മനസ്സിലാക്കും ഇവർ സ്വർഗ്ഗത്തിന്റെ അധികാരികളാ ണെന്ന്. സ്വർഗ്ഗത്തിൽ ഇവരുടെ രാജ്യമുണ്ടായിരുന്നു. ബാക്കി ആത്മാക്കൾ മുഴുവൻ എവിടെയായിരുന്നു? തീർച്ചയായും പറയും നിരാകാരി ലോകത്തിലായിരുന്നു. ഇതും നിങ്ങൾ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. മുമ്പ് ഒന്നും അറിയില്ലായിരുന്നു. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. 5000 വർഷങ്ങൾക്ക് മുമ്പ് ഇവരുടെ രാജ്യം ഉണ്ടായിരുന്നു. എപ്പോൾ ജ്ഞാനത്തിന്റെ പ്രാലബ്ധം പൂർത്തിയാ വുന്നുവോ അപ്പോൾ വീണ്ടും ഭക്തിമാർഗ്ഗം ആരംഭിക്കുന്നു പിന്നീട് പഴയ ലോകത്തോട് വൈരാഗ്യം വേണം. ഇപ്പോൾ നമ്മൾ പുതിയ ലോകത്തിലേയ്ക്ക് പോകും. പഴയ ലോകത്തിൽ നിന്നും മനസ്സ് മാറുന്നു. അവിടെ പതിയേയും കുട്ടികളേയും എല്ലാം ലഭിക്കും. പരിധിയില്ലാത്ത അച്ഛൻ നമ്മെ വിശ്വത്തിന്റെ അധി കാരിയാക്കി മാറ്റുകയാണ്.

ആരാണോ വിശ്വത്തിന്റെ അധികാരിയാവാൻ പോകുന്ന കുട്ടികൾ അവരുടെ ചിന്തകൾ വളരെ ഉയർന്നതും പെരുമാറ്റം വളരെ രാജകീയവുമായിരിക്കും. ഭക്ഷണവും വളരെ കുറവായിരിക്കും, അത്യാർത്തിയും പാടില്ല. ഓർമ്മയിൽ ഇരിക്കുന്നവരുടെ ഭോജനവും വളരെ സൂക്ഷ്മമായിരിക്കും. വളരെപ്പേരുടെ ബുദ്ധി ഭക്ഷണത്തിലേയ്ക്കാണ് പോകുന്നത്. നിങ്ങൾ കുട്ടികൾക്ക് വിശ്വത്തിന്റെ അധികാരിയാവുന്നതിലുള്ള സന്തോഷമാണ്. സന്തോഷം പോലൊരു ടോണിക്കില്ല എന്ന് പറയാറുണ്ട്. ഇങ്ങനെയുള്ള സന്തോഷത്തിൽ സദാ ഇരിക്കൂ എങ്കിൽ കഴിക്കുന്നതും കുടിക്കുന്നതും കുറവാകും. ഒരുപാട് കഴിക്കുന്നതിലൂടെ ഭാരം കൂടും പിന്നീട് കോട്ടുവാ ഇടാൻ തുടങ്ങും. പിന്നെ പറയും ബാബാ ഉറക്കം വരുന്നു. ഭോജനം സദാ ഏകരസമായിരിക്കണം. നല്ല ഭക്ഷണമാണ് അതുകൊണ്ട് കൂടുതൽ കഴിക്കണം എന്നാവരുത്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) നമ്മൾ ദുഃഖ ഹർത്താവും സുഖ കർത്താവുമായ ബാബയുടെ കുട്ടികളാണ്, നമ്മൾ ആർക്കും ദുഃഖം നൽകരുത്. ഡിസ്സർവ്വീസ് ചെയ്ത് സ്വയം സ്വയത്തെ ശപിക്കരുത്.

2) തന്റെ ചിന്തകൾ വളരെ ഉയർന്നതും കുലീനവുമായിരിക്കണം. ദയാഹൃദയരായി മാറി സേവനത്തിൽ തല്പരരായിരിക്കണം. കഴിക്കുന്നതിനും കുടിക്കുന്നതിനുമുള്ള അത്യാർത്തി ഉപേക്ഷിക്കണം.

## വരദാനം:- സത്യസന്ധരായി സ്വയത്തെ ബാബയുടെ മുന്നിൽ സ്പഷ്ടമാക്കുന്ന കയറുന്ന കലയുടെ അനുഭവിയായി ഭവിക്കട്ടെ.

സ്വയത്തെ ആരാണോ എങ്ങനെയാണോ- അതേപോലെ ബാബക്കുമുന്നിൽ പ്രത്യക്ഷപ്പെടുത്തുക- ഇത് തന്നെയാണ് ഏറ്റവും വലിയ കയറുന്ന കലക്കുള്ള മാർഗ്ഗം. ബുദ്ധിയിൽ അനേക പ്രകാരത്തിലുള്ള ഭാരമുണ്ട് അവയെ സമാപ്തമാക്കുന്നതിനുള്ള സഹജമായ യുക്തി ഇത് തന്നെയാണ്. സത്യസന്ധരായി സ്വയത്തെ ബാബക്ക് മുമ്പാകെ സ്പഷ്ടമാക്കുക അർത്ഥം പുരുഷാർത്ഥത്തിനുള്ള മാർഗ്ഗം സ്പഷ്ടമാക്കുക. ഒരിക്കലും അതിസാമർത്ഥ്യം കാണിച്ച് തന്റെ അഭിപ്രായത്തിന്റെയും അന്യരുടെ അഭിപ്രായത്തിന്റെയും പ്ലാനുണ്ടാക്കി ബാബയുടെയും നിമിത്തമായ ആത്മാക്കളുടെയും മുന്നിൽ ഏതെങ്കിലും കാര്യങ്ങൾ കൊണ്ടുവരികയാണെങ്കിൽ അത് സത്യസന്ധതയല്ല. സത്യസന്ധത അർത്ഥം ബാബ എന്താണോ എങ്ങനെയാണോ കുട്ടികളുടെ മുന്നിൽ പ്രത്യക്ഷമായിരിക്കുന്നത്, അതേപോലെ കുട്ടികൾ ബാബയുടെ മുന്നിൽ പ്രത്യക്ഷമാകണം.

## സ്ലോഗൻ:- സത്യമായ തപസ്വി അവരാണ് ആരാണോ സർവ്വസ്വ ത്യാഗിയുടെ സ്ഥിതിയിൽ ഇരിക്കുന്നത്.

**അവ്യക്ത സൂചനകൾ- സങ്കൽപങ്ങളുടെ ശക്തി സ്വരൂപിച്ച് ശ്രേഷ്ഠസേവനത്തിന് നിമിത്തമാകൂ.**
വർത്തമാന സമയം ഭാവിയുടെ ദർപ്പണമാണ്. വർത്തമാന സമയത്തിന്റെ സ്ഥിതി അതായത് കണ്ണാടിയിലൂടെ തങ്ങളുടെ ഭാവി സ്പഷ്ടമായി കാണാൻ കഴിയുന്നു. ഭാവിരാജ്യാധികാരിയാകുന്നതിന് വേണ്ടി പരിശോധിക്കൂ അതായത് വർത്തമാന സമയത്ത് എന്നിൽ ഭരണശക്തി എത്രത്തോളമുണ്ടെന്ന്? ആദ്യം വിശേഷ കാര്യകർത്താക്കളായ സൂക്ഷ്മശക്തികൾ- സങ്കൽപശക്തിക്ക് മേൽ, ബുദ്ധിക്ക് മേൽ പൂർണ്ണ അധികാരിയാകുക അപ്പോൾ തങ്ങളുടെ ഭാവി ഉജ്ജ്വലമാക്കാൻ സാധിക്കും.